CTP

44841/20
10/01/2020

F-2
10/1/2020

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വടകര മാസ്റ്റർ പ്ലാൻ - അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം. 166/2019/തസ്വഭവ *തിരുവനന്തപുരം, തീയതി 18/ 12 /2019*

---

*പരാമർശം:* 1. G.O.(Ms)No.173/2017/LSGD. dtd. 30/08/17.

2 G.O.(Rt)No.44/2019/LSGD. dtd. 7/01/19.

3 വടകര നഗരസഭ കൗൺസിലിന്റെ 27/06/19-ലെ 1-ാം നമ്പർ തീരുമാനം.

4 വടകര നഗരസഭ സെക്രട്ടറിയുടെ 6/09/19-ലെ കത്ത്.

5 മുഖ്യനഗരാസൂത്രകന്റെ 15/10/19-ലെ എഫ്2 (ഇ 2)/8326/2012 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം വടകര ടൗണിന്റെ കരട് മാസ്റ്റർ പ്ലാനിന് സർക്കാർ പ്രസിദ്ധീകരണാനുമതി നൽകി കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് 36(4) പ്രകാരം കരട് മാസ്റ്റർ പ്ലാനിന്റെ

പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ നഗരസഭ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളിൽ നിന്നും ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ആക്ഷേപ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിയെടുക്കാൻ രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റിക്ക് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 36(6) പ്രകാരമുള്ള സമയ പരിധിയായ 60 ദിവസത്തിനുള്ളിൽ report നഗരസഭാ കൗൺസിൽ മുമ്പാകെ സമർപ്പിക്കാൻ കഴിഞ്ഞില്ല.

2) തുടർന്ന് പരാമർശം (2) പ്രകാരം സ്പെഷ്യൽ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയ പരിധി 31/12/18 വരെ നീട്ടി നൽകി. എന്നാൽ നഗരസഭയ്ക്ക് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 36(7) പ്രകാരം മാസ്റ്റർ പ്ലാൻ സർക്കാരിൽ സമർപ്പിക്കേണ്ട സമയപരിധിയായ 28/02/19 നുള്ളിലോ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 36(11) പ്രകാരമുള്ള സമയ പരിധിയായ 31/08/19-നുള്ളിലോ മാസ്റ്റർ പ്ലാൻ അന്തിമാനുമതിക്കായി സർക്കാരിന് സമർപ്പിക്കാൻ കഴിഞ്ഞില്ല. പരാമർശം (3) പ്രകാരം വടകര മുനിസിപ്പൽ കൗൺസിൽ വടകര ടൗണിന്റെ കരട് മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും ആയത് പരാമർശം (4) പ്രകാരം

സർക്കാരിൽ നിന്നും മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി ലഭ്യമാക്കുന്നതിനായി മുഖ്യനഗരാസൂത്രകന്റെ ശിപാർശക്കായി നഗരസഭ നൽകിയിരുന്നു.

3) കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 38 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ടതും എന്നാൽ നിർണ്ണയിക്കപ്പെട്ട സമയ പരിധിക്കുള്ളിൽ അനുമതി ലഭിക്കാത്തതുമായ മാസ്റ്റർ പ്ലാനുകൾ സംബന്ധിച്ച് സർക്കാരിന് ആവശ്യമെന്ന് കരുതുന്നപക്ഷം മുഖ്യനഗരാസൂത്രകനുമായി കൂടിയാലോചിച്ച് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മാസ്റ്റർ പ്ലാനിൽ നടപടിയെടുക്കുന്നതിനും അനുമതി നൽകുന്നതിനും ആവശ്യപ്പെടാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ വടകര മാസ്റ്റർ പ്ലാനിന് അനുമതി നൽകണമെന്ന നഗരസഭയുടെ ആവശ്യം പരിഗണിക്കാമെന്ന് മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

4) നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതികാനുമതിയോടെ തയ്യാറാക്കിയ വടകര ടൗണിന്റെ കരട് മാസ്റ്റർ പ്ലാനിന് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 36(8) പ്രകാരമുള്ള അനുമതി നൽകാമെന്ന് പരാമർശം (5) പ്രകാരം, മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് 36(8) പ്രകാരം വടകര ടൗണിന്റെ മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സാബിത.എസ്.ഡി.

ഗവ.ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, വടകര നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, കോഴിക്കോട് (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.